**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .98 | 06-01-2020 -ൽ മറുപടിക്ക്

## പ്രളയദുരന്തത്തിനുള്ള കേന്ദ്രസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഡി.കെ.മുരളി<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.കെ.വി.വിജയദാസ്** | | **ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018-ലും 2019-ലും ഉണ്ടായ അഭൂതപൂർവ്വമായ പ്രളയദുരന്തം വിവിധ മേഖലകളിൽ സൃഷ്ടിച്ച നാശനഷ്ടങ്ങൾ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നോ; എങ്കിൽ എത്ര തുക കേന്ദ്രസർക്കാർ സഹായമായി ലഭ്യമാക്കി; | എ) & ബി) | 2018 മെയ് മുതൽ ഓഗസ്റ്റ് വരെ നീണ്ടുനിന്ന കാലവർഷ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദേശീയ ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. ഈ മെമ്മോറാണ്ടം പരിഗണിച്ച് കേന്ദ്ര സർക്കാർ അധിക സഹായമായി 2904.85 കോടി രൂപ കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് 2101.88 കോടി രൂപയുടെ അധിക സഹായം ആവശ്യപ്പെട്ട്കൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്ന് അടിയന്തിര സഹായം അനുവദിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. തുക അനുവദിക്കാത്തതിന് കാരണം വ്യക്തമാക്കി കേന്ദ്ര സർക്കാരിൽ നിന്ന് കത്തുകളൊന്നും ലഭിച്ചിട്ടില്ല. |
| ബി) | 2019-ൽ പ്രളയത്തിനിരയായ സംസ്ഥാനങ്ങൾക്കെല്ലാം സഹായം ലഭ്യമാക്കിയപ്പോഴും സംസ്ഥാനത്തെ അവഗണിച്ചതിന് എന്തെങ്കിലും കാരണം വ്യക്തമാക്കിയിട്ടുണ്ടോ; | | |
| സി) | കേന്ദ്ര മാനദണ്ഡപ്രകാരം നാശനഷ്ടത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; മാനദണ്ഡപ്രകാരം അപേക്ഷ നൽകിയിരുന്നില്ലെന്ന ഒരു കേന്ദ്രമന്ത്രിയുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ; | സി) | സമർപ്പിച്ചിരുന്നു. 2019 ലെ പ്രളയവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ച് 2101.88 കോടി രൂപയുടെ അധിക സഹായം ആവശ്യപ്പെട്ട് കൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. മാനദണ്ഡ പ്രകാരം അപേക്ഷ നൽകിയിരുന്നില്ലെന്ന കേന്ദ്രമന്ത്രിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ദുരന്തം നേരിട്ട് പഠിക്കാൻ കേന്ദ്ര സർക്കാരിന്റെ ഉദ്യോഗസ്ഥ സംഘങ്ങൾ എത്തിയിരുന്നോ; സംഘത്തിനു മുമ്പാകെ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | ഡി) | 2019 ലെ പ്രളയം കാരണം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ വിലയിരുത്തുവാനായി ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ശ്രീ.പ്രകാശിന്റെ നേതൃത്വത്തിലുള്ള 7 അംഗ സംഘം കേരളം സന്ദർശിക്കുകയുണ്ടായി. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ കേന്ദ്ര മാനദണ്ഡ പ്രകാരം തയ്യാറാക്കിയ 2101.9 കോടി രൂപയുടെ നാശനഷ്ടം സംബന്ധിച്ച മെമ്മോറാണ്ടം കേന്ദ്ര സംഘത്തിന് സമർപ്പിച്ചു. അടുത്തടുത്ത വർഷങ്ങളിൽ അതിതീവ്ര മഴമൂലമുള്ള ദുരന്തം, 68 വർഷത്തിനിടയിൽ ആദ്യമായാണ് കേരളം നേരിടുന്നത് എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര സംഘത്തെ അറിയിക്കുകയും ആയത് പരിഗണിച്ച് സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിന് പ്രത്യേക പരിഗണന നൽകണമെന്ന് കേന്ദ്ര സംഘത്തോട് ആവശ്യപ്പെടുകയുമുണ്ടായി. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ സംഘം സന്ദർശനം നടത്തുകയും പ്രളയ നാശനഷ്ടങ്ങൾ വിലയിരുത്തുകയും ചെയ്തതിന് ശേഷം കേന്ദ്ര സംഘം ബഹു. റവന്യൂ ദുരന്ത നിവാരണ വകുപ്പ് മന്ത്രി, ബഹു: ജലസേചന വകുപ്പ് മന്ത്രി എന്നിവരെ സന്ദർശിച്ച് പ്രളയ നാശനഷ്ടങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ